# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആവഡ- ഡോ.പ്രവീണ.പി.ജോയ്, അസിസ്റ്റന്റ് ഡെന്റൽ സർജൻ - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത്- കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കാരണം കാണിക്കൽ നോട്ടീസ് നമ്പർ ഇ.ബി 4- 3957/2026 ആവഡ തീയതി. 06-03-2026

2. Lr.No.A6/487/2026/DMOH Alappuzha dtd 20/01/2026

**ഉത്തരവ് നം: ഇ.ബി 4- 3957/2026 / ആവഡ /തീയതി: 07-04-2026**

അരൂക്കുറ്റി സി.എച്ച്.സി യിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ആയ ഡോ .പ്രവീണ .പി.ജോയ് 5 വർഷത്തെ ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതിനാൽ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ .പ്രവീണ .പി.ജോയ് -യുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ലെന്ന് വിലയിരുത്തുകയും 1958ലെ കേരള സബോർഡിനേറ്റ് സർവീസസ് റൂൾസ്

ഭാഗം II ചട്ടം 19 (a) (ii)പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ മേൽവിലാസത്തിലേയ്ക്ക് അയക്കുകയും ചെയ്തുവെങ്കിലും അക്നോളജ്മെന്റ് കാർഡ് തിരികെ ലഭ്യമാകുകയോ മറുപടി ലഭ്യമാകുകയോ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഡോ .പ്രവീണ .പി.ജോയ് -യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി പരാമർശം (1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് ഡോ . പ്രവീണ .പി. ജോയ് , അസിസ്റ്റന്റ് ഡെന്റൽ സർജൻ- ന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ പ്രൊബേഷൻ ആവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നറിയിക്കുന്നു.

Digitally signed by
Reena K J
Date: 07-04-2026
17:06:27

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

Dr.Praveena.P.Joy
Assistant Dental Surgeon
Puthenpurackel Veliyil, F4-128
KSHB Colony

Amalagiri. PO

Kottayam-686561 (വെബ് സൈറ്റ് മുഖാന്തരം)

പകർപ്പ്:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

നം: DHS/3957/2026-EB4 തീയതി: 06-03-2026

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

( രജിസ്റ്റേർഡ് തപാൽ-മടക്ക രസീത് സഹിതം)

ഡോ.പ്രവീണ .പി.ജോയ് എന്ന താങ്കൾ അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ആയി ജോലി ചെയ്യുവരവേ .KSR Part1 appendix XII C പ്രകാരം ശൂന്യവേതനാവധി 15/3/19 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധിക്കാലയളവിന് ശേഷം 45 ദിവസത്തേക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിനായി താങ്കൾ അപേക്ഷ സമർപ്പിച്ചിക്കുകയും ചെയ്തിരുന്നു. KSR Part1 Appendix XII A ,Appendix XII C പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 83/20/Fin തീയതി 30/12/2020 നം.സർക്കുലർ പ്രകാരം അവധി അനുവദിക്കുവാൻ കഴിയാത്തതിനാൽ താങ്കളുടെ അപേക്ഷ നിരസിക്കുകയും ഇബി4- 7122/2024/ ആവഡ തീയതി 30/3/2024 പ്രകാരം തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതിനായി വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ പോസ്റ്റിംഗ് നൽകുകയും ചെയ്തിരുന്നു. എന്നാൽ 15/3/2024 മുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുന്നതായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 10/6/2014 ന് സർവീസിൽ

പ്രവേശിച്ച താങ്കൾ പ്രൊബേഷണറാണ്. പ്രോബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആൻഡ് കോണ്ടക്ട് തൃപ്തികരമല്ല. 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യാനും താൽകാലികമായി തീരുമാനിക്കുന്നു. ടി തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് ഈ നോട്ടിസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്നുണ്ടെങ്കിൽ അത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. തൽസംബന്ധമായ മറുപടി താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

Digitally signed by
Reena K J
Date: 06-03-2026
16:18:50

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

Dr.Praveena.P.Joy
Assistant Dental Surgeon
Puthenpurackel Veliyil, F4-128
KSHB Colony
Amalagiri. PO
Kottayam-686561

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ,)കേരള,തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ)ആലപ്പുഴ /വയനാട്